പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 6326 11.7.2012 ൽ മറുപടിക്ക്

## ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ അനലിസ്റ്റുമാരുടേയുംഡ്രഗ്സ് ഇൻസ്പെക്ടർമാരുടേയുംയോഗ്യത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി) |
| (എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ പി.എസ്.സി വഴി നിയമിക്കപ്പെടുന്ന അനലിസ്റ്റുമാരുടേയും ഡ്രഗ്സ് ഇൻസ്പെക്ടർമാരുടേയും യോഗ്യതകളിലോ പ്രവൃത്തി പരിചയത്തിലോ എന്തെങ്കിലും വ്യത്യാസമുണ്ടോ ; | (എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിയമിക്കപ്പെടുന്ന അനലിസ്റ്റുമാരുടേയും ഡ്രഗ്സ് ഇൻസ്പെക്ടർമാരുടേയും യോഗ്യതകൾ ഒന്നാണെങ്കിലും പ്രവൃത്തി പരിചയത്തിൽ വ്യത്യാസം ഉണ്ട്. |
| (ബി) ഡ്രഗ്സ് ഇൻസ്പെക്ടർമാരായി നോട്ടിഫൈ ചെയ്തിട്ടുള്ളവർക്ക് എല്ലാം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് റൂൾ അനുസരിച്ചുള്ള യോഗ്യതകളും പരിചയവും ഉണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ; | (ബി) ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (സി) ഒരേ യോഗ്യതാ മാനദണ്ഡങ്ങൾ ഉള്ളതും ഒരേ പേസ്കെയിലിൽ പെടുന്നതും ഒരേ ഡിപ്പാർട്ട്മെന്റിൽ പെടുന്നതും ആയ രണ്ട് തസ്തികകൾക്ക് പി.എസ്.സി രണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് ടെസ്റ്റുകൾ നടത്തി നിയമനം നടത്തുന്നത് സർക്കാർ ഖജനാവിന് നഷ്ടമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (സി) ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ഒരേ യോഗ്യതാ മാനദണ്ഡങ്ങൾ ഉള്ളതും ഒരേ പേസ്കെയിലിൽപെടുന്നതും ആയ ഡ്രഗ്സ് ഇൻസ്പെക്ടർ , അനലിസ്റ്റ് തസ്തികകൾക്ക് പി.എസ്.സി രണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് ടെസ്റ്റുകൾ നടത്തി നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ യോഗ്യത ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ 49 പ്രകാരവും അനലിസ്റ്റുമാരുടെ യോഗ്യത ടി റൂൾ 44 പ്രകാരവുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ രണ്ടു തസ്തികകളിലേയും ജോലി സ്വഭാവം വ്യത്യസ്തമായതിനാൽ തെരഞ്ഞെടുക്കപ്പെടുന്ന രീതി ഒന്നാകുന്നത് അഭികാമ്യമല്ല. |
| (ഡി) ഒരേ യോഗ്യതാ മാനദണ്ഡങ്ങളുള്ള അനലിസ്റ്റ്, ഡ്രഗ്സ് ഇൻസ്പെക്ടർമാർ തസ്തികകൾ ഏകീകരിച്ച് തസ്തിക മാറ്റം അനുവദിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) ഒരേ യോഗ്യതാ മാനദണ്ഡങ്ങളുള്ള അനലിസ്റ്റ്, ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകളുടെ ജോലി സ്വഭാവവും ഇവർക്ക് നൽകുന്ന പരിശീലനവും വ്യത്യസ്തമായതിനാൽ തസ്തികകൾ ഏകീകരിച്ച് തസ്തിക മാറ്റം അനുവദിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ